LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒറ്റപ്പാലം ടൗൺ ഭാഗത്തെയും, കെ.എസ്.ടി.പി റോഡിലെയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അനധികൃത ഭൂമി കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957, ഭൂസംരക്ഷണ ചട്ടം 1958 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം ടൗൺ ഭാഗത്തേയും കെ.എസ്.ടി.പി. റോഡിലേയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമവും ചട്ടവും പ്രകാരം കർശന നടപടി സ്വീകരിച്ചിട്ടുള്ളതും 18 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.

**പട്ടയ ഭൂമിയിൽ നിയമാനുസൃതം ചെയ്യാവുന്ന പ്രവൃത്തികൾ**

247 (3097) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിൽ നിയമാനുസൃതം ചെയ്യാവുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയഭൂമിയിൽ നിയമാനുസൃതമല്ലാത്ത പ്രവൃത്തികൾ ചെയ്താൽ ലഭിക്കാവുന്ന ശിക്ഷകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടയഭൂമിയിൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ; പലയിടങ്ങളിലും പട്ടയഭൂമികളിൽ ഖനനപ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടയഭൂമിയിൽ ഖനനം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുമതി നൽകിയാൽ ദുരുപയോഗ സാധ്യത കൂടുകയും അത് അമിതമായ പരിസ്ഥിതി ചൂഷണത്തിന് കാരണമാകുമെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നത് കൃഷി, ഭവന നിർമ്മാണം, അയൽ പട്ടയ ഭൂമിയുടെ ഗുണപരമായ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗം എന്നിവയ്ക്കാണ്. 1995-ലെ മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം ഭവന നിർമ്മാണം, കടമുറികൾക്ക് അല്ലെങ്കിൽ മറ്റ് വാണിജ്യപരമോ ധർമ്മപരമോ ആയ ആവശ്യങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നു. 1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റ ക്രമീകരണങ്ങൾ പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം കൃഷി, ഭവന നിർമ്മാണം, കടമുറികൾ വയ്ക്കുന്നതിന് എന്നീ ആവശ്യങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നു.

(ബി) പട്ടയ ഭൂമിയിൽ നിയമാനുസൃതമല്ലാത്ത പ്രവൃത്തികൾ ചെയ്യുകയോ പട്ടയ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യപ്പെടുന്ന കേസുകളിൽ പട്ടയം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതാണ്.

(സി) പട്ടയ ഭൂമിയിൽ ഖനനത്തിന് അനുമതി നൽകുന്നത് മൈനിംഗ് & ജിയോളജി വകുപ്പാണ്. അനധികൃത ഖനനങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിയമാനുസരണമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിവാക്കാനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

**പട്ടയ ഭൂമിയിൽ ഉടമസ്ഥന് അവകാശമുള്ള വൃക്ഷങ്ങൾ**

248 (3098) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964, ചട്ടം 9(2) അനുബന്ധം II അനുസരിച്ച് മുൻപ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന പട്ടയ ഫോറത്തിലെ വ്യവസ്ഥ (1) ജി.ഒ.(പി) നമ്പർ 60/2017 തിരുവനന്തപുരം തീയതി 17-8-2017 പ്രകാരം ഒഴിവാക്കിയ ഉത്തരവിന് 1964 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ;

(ബി) ഇപ്രകാരം ഒരു പുതിയ സർക്കാർ ഉത്തരവ് ഇല്ലാതെ തന്നെ 1964 മുതൽ പട്ടയം ലഭിച്ചവർ അന്നു മുതൽ പട്ടയ ഭൂമിയിൽ നട്ടുവളർത്തിയ ഈട്ടി, തേക്ക് മുതലായ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം പട്ടയക്കാരന് ഉണ്ടായിരിക്കുമോ;

(സി) കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964, ചട്ടം 9 (2) പ്രകാരം അനുവദിച്ച പട്ടയ ഭൂമിയിൽ പട്ടയം ലഭിച്ചതിനുശേഷം കർഷകൻ നട്ടുവളർത്തിയതും പട്ടയ ഫോറത്തിൽ റിസർവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ഈട്ടി, തേക്ക് മുതലായ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു വിശദീകരണ കുറിപ്പ് പുറപ്പെടുവിക്കുമോ;